**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2016-17 വർഷത്തെ റീജിയണൽ സരസ് മേള നടത്തിപ്പിനായി തുക അനുവദിക്കുന്നതിന് കൊല്ലം ജില്ലാ പഞ്ചായത്തിനും കൊല്ലം ജില്ലയിലെ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)2498/16/തസ്വഭവ** **തിരുവനന്തപുരം, തീയതി: 22/08/2016.**

==========================================================================

പരാമർശം: 1. സ.ഉ (സാധാ) 2141/2016/തസ്വഭവ തീയതി 16-07-2006.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30-07-2010 തീയതിയിലെ 7072/J/2016/KSHO നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2016-17 വർഷത്തെ റീജിയണൽ സരസ് മേള 31-08-2016 മുതൽ 13-09-2016 വരെ കൊല്ലം നഗരത്തിൽ വച്ച് കുടുംബശ്രീ മുഖേന ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ നടത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ആവശ്യത്തിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ച 35 ലക്ഷം രൂപയ്ക്ക് പുറമേ അധിക തുക കൂടി ആവശ്യമായിരിക്കുന്നുവെന്നും ആയതിനാൽ കൊല്ലം ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും കൊല്ലം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 5000/- രൂപാ വീതവും മേള നടത്തിപ്പിനായി അനുവദിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-2017 വർഷത്തെ സരസ് മേളയുടെ നടത്തിപ്പിനായി കൊല്ലം ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപയും കൊല്ലം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 5000/- രൂപാ വീതവും നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. ജില്ലാ കളക്ടർ, കൊല്ലം.
9. പ്രസിഡന്റ്/ സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.